ശ്രീ. എം. വി. ജയരാജൻ : ഞാൻ എന്റെ ഭേദഗതിയിൽ പറയുന്ന കാര്യം റെയിൽവേ വികസനവുമായി ബന്ധപ്പെട്ടതാണ്. ഇന്ന് അടിയന്തിരപ്രമേയ ചർച്ചാ വേളയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രതിപക്ഷനേതാവിന്റെ നിർദ്ദേശം കൂടി പരിഗണിച്ചുകൊണ്ട് റെയിൽവേ വികസനത്തിന് പ്രത്യേക പ്രമേയം കൊണ്ടുവരുമെന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഞാൻ ആ ഭേദഗതി അവതരിപ്പിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. വി കെ. ചന്ദ്രന്റെ ഭേദഗതിയും അതുതന്നെയാണല്ലോ ?

ശ്രീ. വി. കെ. ചന്ദ്രൻ. റെയിൽവേ വികസനവുമായി ബന്ധപ്പെട്ട് പ്രത്യേക പ്രമേയം കൊണ്ടു വരുന്നതുകൊണ്ട് ഞാനും ഭേദഗതി അവതരിപ്പിക്കുന്നില്ല. അതുംകൂടി കൊണ്ടുവരാൻ ഉദ്ദേശിക്കുന്ന പ്രമേയത്തിൽ ഉൾപ്പെടുത്തണം.

മി. സ്പീക്കർ: എല്ലാവരും അനുകൂലിക്കുന്ന ഈ പ്രമേയം ഏകകണ്ഠമായിട്ട് പാസ്സാക്കാം.

പ്രമേയം സഭ ഐകകണ്ഠ്യേന അംഗീകരിച്ചു.

(2) 2003-ലെ കേരള സർവ്വകലാശാലകൾ ബിൽ പിൻവലിക്കുന്നതിനുള്ള പ്രമേയം

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സർ, 2003-ലെ കേരള സർവ്വകലാശാലകൾ ബിൽ പിൻവലിക്കുന്നതു സംബന്ധിച്ച സഭയുടെ അനുമതി തേടുന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ) സർ, ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

IX. പ്രസ്താവന

ശ്രീ. എം. വി. ജയരാജൻ: സർ, ഞാനിതിൽ നിയമസഭാചട്ടം 95 പ്രകാരം എതിർപ്പ് പ്രകടിപ്പിക്കുന്നു. ഈ ബില്ലിലെ വ്യവസ്ഥകൾ സംബന്ധിച്ച് ഈ നിയമസഭയിൽ ഒട്ടേറെ ചർച്ചകൾ നടന്നതാണ്. അതിശക്തമായി ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എതിർപ്പ് പ്രകടിപ്പിക്കുകയും ചെയ്തതാണ്. ഇപ്പോൾ പിൻവലിക്കാൻ മന്ത്രി തയ്യാറായത് സ്വാഗതാർഹമാണ്. പക്ഷേ ഈ ബില്ലിലെ വ്യവസ്ഥകൾ കൂടി ഉൾക്കൊള്ളുന്ന 4 നിയമങ്ങൾ ഇതിനകം ഓർഡിനൻസായി വന്നിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെട്ട സെനറ്റും, സിൻഡിക്കേറ്റും പിരിച്ചുവിട്ട് നോമിനേറ്റഡ് സിൻഡിക്കേറ്റ് കൊണ്ടുവരിക, ഗ്രാഡ്വേറ്റ് കോൺസ്റ്റിറ്റ്യൂവൻസിയിൽ നിന്ന് തെരഞ്ഞെടുപ്പ് ഒഴിവാക്കുക, ട്രേഡ് യൂണിയൻ പ്രാതിനിധ്യം ഒഴിവാക്കുക തുടങ്ങിയ അങ്ങേയറ്റം ജനാധിപത്യ വിരുദ്ധമായ, വിദ്യാഭ്യാസ വിരുദ്ധമായിട്ടുള്ള വ്യവസ്ഥകൾ ഈ ഏകീകൃത സർവ്വകലാശാലകൾ

LIBRARY ARCHIVES Kerala Legislative Assembly

ബിൽ പിൻവലിക്കുന്നതിന്റെ മറവിൽ ജനാധിപത്യവിരുദ്ധമായ മാർഗ്ഗങ്ങളിലൂ ഓർഡിനൻസ് വഴി നടപ്പാക്കുകയാണ്. അങ്ങേയറ്റം പ്രതിഷേധാർഹമായിട്ടുള്ള ഒ കാര്യമാണിത്. ഈ ബിൽ പിൻവലിക്കുന്നതിന്റെ മറവിൽ കേരളത്തിനകത്ത് ഒ സമവായം ഉണ്ടാകും. എന്നൊരു ധാരണയാണ് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രിക ളളത്. ഇപ്പോൾ സംസ്കൃത സർവ്വകലാശാലയിൽ നിലവിലുള്ള സിൻഡിക്കേ അംഗങ്ങളെ പിരിച്ചുവിട്ടുകൊണ്ട് നോമിനേറ്റഡായിട്ടുള്ള ആളുകളെ നിയോഗിക്കുന്ന വിദഗ്ദ്ധരായ ആളുകൾ എന്ന പേരിലാണ് അങ്ങനെ നിയോഗിച്ചത്. ഗവർണ്ണർ തന്നെ അത് കണ്ടെത്തി. ആ ഓർഡിനൻസ് തിരിച്ചയച്ചു. ഗവർണ്ണർ തിരിച്ചയയ്ക്കുമ്പോ ചോദിച്ചത് ഒരു വർഷം പോലും ലക്ചറർ പരിചയമില്ലാത്ത ഒരാളാണേ വിദഗ്ദ്ധനെന്നാണ്. അങ്ങ് ചെയ്യുന്നതെന്താണ് ? ഏകീകൃത സർവ്വകലാശാല ബില്ലിലെ വ്യവസ്ഥകൾ അങ്ങേയറ്റം തെറ്റാണ് എന്ന് അങ്ങുൾപ്പെ സമ്മതിക്കുമ്പോൾ ആ ബില്ലിലെ ജനാധിപത്യ വിരുദ്ധമായ വ്യവസ്ഥകൾ വച്ച് മ ബില്ലുകൾ കൊണ്ടു വരുന്നതിന്റെ ഔചിത്യമെന്താണ് ? പഴയ വീഞ്ഞ് പുതി കുപ്പിയിലുമല്ല, പഴയ കുപ്പിയിൽതന്നെ പുതിയ ലേബലൊട്ടിച്ച് മാർക്കറ്റിലിറക്കുന പുതിയ തന്ത്രമാണ്. അതുകൊണ്ടാണ് ഇത്തരമൊരു എതിർപ്പ് ഇവിടെ രേഖപ്പെടുത്തേണ്ടി വന്നത്. അതുകൊണ്ട് ഈ എതിർപ്പുകൾകൂടി പരിഗണിച്ചുകൊണ്ട ഇത്തരത്തിലുള്ള ജനാധിപത്യവിരുദ്ധമായ വിദ്യാഭ്യാസ നിയമനിർമ്മാണം ഒഴിവാക്കണമെന്നാണ് അങ്ങയോട് അഭ്യർത്ഥിക്കാനുള്ളത്.

<u>ശ്രീ. എ. കെ. ബാലൻ.</u> റൂൾ 95 പ്രകാരം ഞാൻ ഈ ബിൽ പിൻവലിക്കുന്നതിനെതിരായിട്ട് ഒരു നോട്ടീസ് തന്നിരുന്നു. ഏകീകൃത സർവ്വകലാശാല ബിൽ ജനാധിപത്യ വിരുദ്ധവും അക്കാഡമിക് ഓട്ടോണമിയെ ഇല്ലാതാക്കുന്നതുമാണ് എന്ന് ഈ ബിൽ അവതരിപ്പിച്ച സമയത്ത് ഞങ്ങൾ പറഞ്ഞു. പക്ഷേ ഇത് വിദ്യാഭ്യാസ രംഗത്ത് കോളിളക്കം സൃഷ്ടിക്കുന്ന റിപ്പുവകരമായ ഒരു ബില്ലാണ് എന്നാണ് അന്ന് മന്ത്രി പറഞ്ഞത്. സെലക്ട് കമ്മിറ്റിക്കു വിട്ടു. ഭരണകക്ഷികളിൽ നിന്നുതന്നെ ശക്തമായ എതിർപ്പുകളുണ്ടായി. ഇപ്പോൾ അത് പിൻവലിക്കുകയാണ് ഈ ബിൽ പിൻവലിക്കുന്ന അവസരത്തിലാണ് നേരത്തെ ബഹുമാനപ്പെട്ട എം. വി. ജയരാജൻ സൂചിപ്പിച്ചപോലെ 4 ഓർഡിനൻസ് കൊണ്ടു വന്നത്. എന്താണ് ഇത് കൊണ്ടുദ്ദേശിക്കുന്നത്? വിവിധ യൂണിവേഴ്സിറ്റികളെ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലാക്കുകയാണ്. അക്കാഡമിക്ക് ഓട്ടോണമി പരിപൂർണ്ണമായും ഇതുവഴി ഇല്ലാതാവുകയാണ്. അപ്പോൾ വിദ്യാർത്ഥി സമൂഹം നേടിയെടുത്ത ഒരു വലിയ ആനുകൂല്യമായിരുന്നു ഈ സെനറ്റ്-സിൻഡിക്കേറ്റുകളിലേക്കുള്ള പ്രവേശനം. സെനറ്റിലേക്കും, സിൻഡിക്കേറ്റിലേക്കുമുള്ള വിദ്യാർത്ഥികളുടെ പ്രാതിനിധ്യം ഇല്ലാതാക്കുന്നു. ഇപ്പോൾ അതെല്ലാം പിരിച്ചുവിട്ടു. യൂണിവേഴ്സിറ്റി യൂണിയൻ നടത്തുന്നതാണ് കലോത്സവം.

<u>മി. സ്പീക്കർ.</u> റൂൾ 95-പ്രകാരം ബ്രീഫ് ആയ സ്റ്റേറ്റുമെന്റുകളെ പാടുള്ളൂ. മറ്റെല്ലാം നമുക്ക് ബില്ലിൽ ചർച്ച ചെയ്യാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ബാലൻ : യൂണിവേഴ്സിറ്റി കലോൽസവം വരെ ഇപ്പോൾ ഇല്ലാതാക്കി. അതിന്റെ ഭാഗമായി കുട്ടികൾക്ക് ലഭ്യമായിരുന്ന 20 ഗ്രേസ് മാർക്ക് ഇല്ലാതായി. ഈ പിൻവലിച്ച ബില്ലിൽ വളരെ പ്രസക്തമായ ഒരു ഭാഗം ഉണ്ടായിരുന്നു. സെക്ഷൻ 80 അൺ എയിഡഡ് കോളേജുകളിലേക്കുള്ള പ്രവേശനത്തിന്റെ ക്രമീകരണം. ആ വകുപ്പിന്റെ ഭാഗമായി ഒരു പ്രൊട്ടക്ഷൻ ഗവണ്മെന്റിന് ലഭിക്കുമായിരുന്നു. ഈ മാനേജുമെന്റിന് മുകളിൽ ഇവിടെ കൊണ്ടുവന്ന ഈ 4 യൂണിവേഴ്സിറ്റി ഭേദഗതി നിയമങ്ങളിലോ ഇനി കൊണ്ടുവരാൻ പോകുന്ന നിയമത്തിലോ ഈ രൂപത്തിലുള്ള ഒരു പ്രൊട്ടക്ഷനും ബഹുമാനപ്പെട്ട മന്ത്രിയിൽ നിന്നും ഞങ്ങൾ പ്രതീക്ഷിക്കുന്നില്ല. അതുകൊണ്ട് ഈ നിയമം പിൻവലിക്കുമ്പോൾ ഗവണ്മെന്റിന്റെ മുമ്പിൽ ഉണ്ടാകേണ്ട പ്രധാനപ്പെട്ട മറ്റൊരു ലക്ഷ്യം സ്വാശ്രയ പ്രൊഫഷണൽ കോളേജുകളുമായി ബന്ധപ്പെട്ടുകൊണ്ട് 50 ശതമാനം മെറിറ്റ് സീറ്റും അതുപോലെ തന്നെ സംവരണ തത്വങ്ങളും ഇവിടെ ഉറപ്പുവരുത്തേണ്ടതായിട്ടുണ്ട് എന്നുള്ളതാണ്. ബിൽ പിൻവലിക്കുന്ന അവസരത്തിൽ ഇതിനോടുള്ള സമീപനമെന്താണ് എന്നതിനെ സംബന്ധിച്ച് കൂടി ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : No discussion.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): നേരത്തെ ഉണ്ടായിരുന്ന നിയമത്തിലെ വകുപ്പുകൾ വേറെ കൊണ്ടു വരികയെന്നു പറയുന്നതിൽ അർത്ഥമില്ല. ആ നിയമവും ഈ നിയമവും തമ്മിൽ ഒത്തു നോക്കാത്തതുകൊണ്ടാണ്. ആ നിയമം ബൃഹത്തായ ഒരു നിയമമായിരുന്നു. ഈ നിയമത്തിൽ വളരെ ലിമിറ്റഡായിട്ടുള്ള, ഇപ്പോൾ കണ്ണൂർ യൂണിവേഴ്സിറ്റി സെനറ്റ് ഇല്ലാത്തതുകൊണ്ട് ഫംഗ്ഷൻ ചെയ്യാൻ പറ്റുന്നില്ല. അവിടെ വൈസ് ചാൻസലറെ തെരഞ്ഞെടുക്കാൻ പറ്റുന്നില്ല. അതുകൊണ്ട് സെനറ്റിന്റെ പവർ സിൻഡിക്കേറ്റിൽ വെസ്റ്റഡാകാൻ ഒരു ക്ലാസ് വേണ്ടേ? പണ്ടേ നിയമമില്ലല്ലോ. പണ്ടത്തെ നിയമമാണ് ഇപ്പോൾ കൊണ്ടുവരുന്നതെന്ന് പറഞ്ഞ് ഒരു തെറ്റിദ്ധാരണ ഉണ്ടാക്കിയിട്ട് എന്താ കാര്യം? അതുപോലെത്തന്നെ കാലാവധി കഴിഞ്ഞ സിൻഡിക്കേറ്റ് പിരിച്ചുവിടാനാണ് ഇതിൽ മറ്റൊരു പ്രൊവിഷനുള്ളത്. അത് മറ്റേതിലുണ്ടോ? അത് വ്യത്യസ്തമാണ്. ഒരിക്കലും അതല്ല. രണ്ടാമതൊരു കാര്യം കൂടി ഉണ്ട്. ഒരു നിയമം പിൻവലിച്ചാൽ ഈ നിയമസഭയുടെ കാലത്ത് ഒരു വകുപ്പും പിന്നെ വന്നുകൂടായ്കയുണ്ടോ? അത് ഏതു നിയമത്തിലാണ് പറയുന്നത്?

മി. സ്പീക്കർ. 2003-ലെ കേരള സർവ്വകലാശാലകൾ ബിൽ പിൻവലിക്കുന്നത് സംബന്ധിച്ച അനുമതിക്കുവേണ്ടിയുള്ള പ്രമേയത്തെ അനുകൂലിക്കുന്നവർ...,..... പ്രതികൂലിക്കുന്നവർ..... പ്രമേയം സഭ അംഗീകരിച്ചു.....

ബിൽ പിൻവലിക്കുന്നതിന് സഭ അനുമതി നൽകി.

LIBRARY ARCHIVES Kerala Legislative Assembly